പതിമൂന്നാം കേരള നിയമസഭ

അഞ്ചാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത**

**നിയമസഭാ ചോദ്യം നമ്പർ : 5100** **04.07.2012-ൽ മറുപടിക്ക്.**

## റാന്നി പോലീസ് സ്റ്റേഷൻ കെട്ടിട നിർമ്മാണം

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. രാജു എബ്രഹാം | ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ<br>(ആഭ്യന്തരവും വിജിലൻസും വകുപ്പു മന്ത്രി) |
| (എ) റാന്നി പോലീസ് സ്റ്റേഷൻ കെട്ടിട നിർമ്മാണത്തിനായി മുൻ സർക്കാരിന്റെ കാലത്ത് എത്ര ലക്ഷം രൂപയാണ് അനുവദിച്ചിരുന്നത്; ഇതുപയോഗിച്ച് എന്തൊക്കെ സൗകര്യങ്ങൾ ഉള്ള കെട്ടിടം നിർമ്മിക്കാനാണ് ഉദ്ദേശിച്ചിരുന്നത്; | : (എ) റാന്നി പോലീസ് സ്റ്റേഷൻ കെട്ടിട നിർമ്മാണത്തിനായി മുൻ സർക്കാരിന്റെ കാലത്ത് തുക അനുവദിച്ചിട്ടില്ല. എന്നാൽ സർക്കിൾ ഇൻസ്പെക്ടർ ഓഫീസ്, പോലീസ് സ്റ്റേഷൻ എക്സ്റ്റെൻഷൻ, വിസിറ്റേഴ്സ് റൂം എന്നിവ ഉൾപ്പെടുത്തി ഒരു പോലീസ് കെട്ടിട സമുച്ചയം പണിയുവാൻ ഉദ്ദേശിച്ചുകൊണ്ട് 14 ലക്ഷം രൂപയുടെ ഒരു പ്രൊപ്പോസൽ പോലീസ് നവീകരണ പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. |
| (ബി) എന്നാണ് ഇതിന്റെ നിർമ്മാണ പ്രവൃത്തികൾ ആരംഭിച്ചത്; നിർമ്മാണത്തിന് ഏതെങ്കിലും തരത്തിലുള്ള പ്രതിസന്ധികൾ നേരിട്ടിട്ടുണ്ടോ ; ഉണ്ടെങ്കിൽ അതെന്താണ്; | : (ബി) റാന്നിയിലെ പോലീസ് കെട്ടിട സമുച്ചയത്തിന്റെ നിർമ്മാണ പ്രവർത്തനം 11.03.2012-ന് ആരംഭിച്ചു. നിർമ്മാണ പ്രവർത്തനങ്ങൾ പുരോഗമിച്ചു വരികയാണ്. പ്രതിസന്ധി ഒന്നും തന്നെയില്ല. |
| (സി) ഇതിന്റെ നിർമ്മാണ ചുമതല ആർക്കാണ്; ഇപ്പോഴുണ്ടായിരിക്കുന്ന പ്രതിസന്ധി പരിഹരിക്കാൻ എന്തൊക്കെ നടപടികൾ സ്വീകരിക്കാനാണ് ഉദ്ദേശിക്കുന്നത് ? | : (സി) പ്രസ്തുത കെട്ടിടത്തിന്റെ നിർമ്മാണ ചുമതല കേരള പോലീസ് ഹൗസിംഗ് ആന്റ് കൺസ്ട്രക്ഷൻ കോർപ്പറേഷനാണ്. നിർമ്മാണത്തിൽ പ്രതിസന്ധികൾ ഉള്ളതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |

സെക്ഷൻ ഓഫീസർ